15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5530 | 05-07-2024 - ൽ മറുപടിയ്ക്ക്

## കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | മൃഗസംരക്ഷണ മേഖലയിലെ ശാക്തീ കരണത്തിനും, വരുമാന വർദ്ധനവിനും കൂടുതൽ കർഷകരെ കോഴിവളർത്തൽ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുമായി കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കു ഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴി ക്കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കു ഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. കോഴികൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്ടി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് |

| | | | |
|---|---|---|---|
| | | | **കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പാഞ്ചായത്ത് തല 100 കോഴിയും കൂട്ടും പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കൂടാതെ മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതിയും കെപ്കോ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.**<br><br>**കേരളാ വെറ്ററനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്ന ഗവേഷണത്തിന്റെ ഭാഗമായി വൈറ്റ് ലെഗോൺ കോഴികളുടെ 32 തലമുറയുടെ മുട്ടയുല്പാദന സവിശേഷതകൾ 72 ആഴ്ചവരെ പഠന വിധേയമാക്കുകയും അവയിൽ നിന്നുള്ള തെരെഞ്ഞെടുക്കൽ പൂർത്തിയാക്കുകയും ചെയ്തു. തനതു ജനുസ്സുകളായ ദേശി (തലശ്ശേരി) വർഗ്ഗത്തിന്റെ ആറാം തലമുറയുടെ മുട്ടയുൽപ്പാദന സവിശേഷതകൾ പഠന വിധേയമാക്കുന്ന പരിപാടികൾ 64 ആഴ്ച വരെനടത്തി പൂർത്തീകരിച്ചു. എ.ഐ.സി.ആർ.പി ഓൺ പൗൾട്രി ഫോർ എഗ്ഗ്സ്, മണ്ണുത്തി ഫാമിൽ നിന്ന് പ്രജനനപ്രക്രിയയിലൂടെ ഉരുത്തിരിച്ച മൂന്ന് ജനുസ്സുകളുടെ സങ്കരയിനമായ ത്രിവേണി കോഴി ഉൽപ്പാദനവും വിതരണവും ആരംഭിച്ചു.** |
| (ബി) | കെപ്കോ വഴി സ്കൂൾ കുട്ടികൾക്കും വനിതകൾക്കും മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (ബി) | **കെപ്കോ വഴി സ്കൂൾ കുട്ടികൾക്കും വനിതകൾക്കും മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**കെപ്കോ ആശ്രയ,**<br><br>**കെപ്കോ വനിതാമിത്രം,**<br><br>**കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞു പദ്ധതി** |

സെക്ഷൻ ഓഫീസർ